**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2586** **14-09-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ കിഫ്‌ബി മുഖേനയുള്ള സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ മഞ്ചേരി സർക്കാർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, പട്ടിക്കാട് സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച തുക വിനിയോഗിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ച മഞ്ചേരി GGHSS ന് 2.92 കോടി രൂപയുടെയും പട്ടിക്കാട് GGHSS ന് 3.04 കോടി രൂപയുടെയും ധനാനുമതി കിഫ്‌ബി നൽകിയിരുന്നു. മഞ്ചേരി ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ എസ്റ്റിമേറ്റിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കിലയുടെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി, 16.02.2023 ന അംഗീകാരം നൽകി, ആയത് കിഫ്‌ബിയുടെ അഭിപ്രായത്തിനും അംഗീകാരത്തിനുമായി 25.05.2023 ൽ സമർപ്പിച്ചിരുന്നു. ടി എസ്റ്റിമേറ്റ് കിഫ്‌ബി പരിശോധിക്കുകയും ചില മാറ്റങ്ങൾ വരുത്തി പുതുക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഫയൽ കിലയ്ക്ക് 14.07.2023 ന തിരികെ നൽകുകയും ചെയ്തിരുന്നു. കിഫ്‌ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 13.09.2023 ന കില സമർപ്പിച്ചിരുന്നു. ഇത് കിഫ്‌ബിയിൽ പരിശോധനയിലാണ്. GGHSS പട്ടിക്കാട് സ്കൂളിൽ കെട്ടിടം പണിയുന്നതിന് കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ കവറേജ് ലഭ്യമല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കെട്ടിടം നിർമ്മിക്കുന്നതിനായി സ്കൂൾ അധികൃതർ കെട്ടിട നിർമ്മാണസ്ഥാനം മാറ്റി നിശ്ചയിക്കുവാൻ ആലോചിച്ചു വരുന്നു. ആയതിൻപ്രകാരമുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ